ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഫാക്ടറിയുടെ സംസ്കരണശേഷിയുടെ അടിസ്ഥാനത്തിൽ പ്രായോഗികമായി ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയങ്ങൾ തീർച്ചയായും പരിശോധനാവിധേയമാക്കുന്നതാണ്.

(9) അഭിഭാഷക ക്ഷേമനിധി

ശ്രീ. സി.എൻ. ജയദേവൻ : സർ, അഭിഭാഷക ക്ഷേമനിധിയിലേയ്ക്ക് അനുവദിച്ചിട്ടുള്ള സംഖ്യ വർദ്ധിപ്പിക്കണമെന്ന അഭിഭാഷക സംഘടനകളുടെ ആവശ്യം മുന്നിൽവച്ചുകൊണ്ട് അഭിഭാഷക ക്ഷേമനിധി അഞ്ചു ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നുള്ള സബ്മിഷനാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. അഭിഭാഷക ക്ഷേമനിധി നിലവിലുള്ളത് ഒരു ലക്ഷം രൂപയാണ്. 30 വർഷം പ്രാക്ടീസ് പൂർത്തിയാക്കുന്ന ഒരാൾക്കാണ് ഇപ്പോൾ ഒരു ലക്ഷം രൂപ നൽകുന്നത്. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള അഡ്വക്കേറ്റുമാർ എല്ലാ വർഷവും ഒരു നിശ്ചിത തുക ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുകയും ഓരോ വക്കാലത്തിനും ക്ഷേമനിധി സ്റ്റാമ്പ് പതിപ്പിക്കുകയും ചെയ്യുമ്പോഴാണ് ക്ഷേമനിധി നൽകുന്നതിനുള്ള തുക ലഭിക്കുന്നത്. കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ട്രസ്റ്റീസ് കമ്മിറ്റിയാണ് ഈ തുക കൈകാര്യം ചെയ്യുന്നത്. ഇപ്പോൾ ഈ തുകയ്ക്ക് ഗവൺമെന്റിന് യാതൊരു ബാദ്ധ്യതയുമില്ല. നീതിനിർവഹണത്തിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന അഭിഭാഷക സമൂഹത്തിന് ഈ തുക തികച്ചും അപര്യാപ്തമാണ്. ക്ഷേമനിധി തുക ഒരു ലക്ഷം രൂപയിൽ നിന്നും അഞ്ചുലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം വിവിധ അഭിഭാഷക സംഘടനകൾ വളരെക്കാലങ്ങളായി ഉയർത്തിക്കൊണ്ടിരിക്കുന്നു. അഞ്ചു ലക്ഷം രൂപയായി വർദ്ധിപ്പിച്ചാൽ സർക്കാരിന് യാതൊരുവിധ പുതിയ സാമ്പത്തിക ബാദ്ധ്യതയും ഇതുകൊണ്ട് ഉണ്ടാകുന്നില്ല. ഇപ്പോൾ ഈ തുക അതിനായി ഉപയോഗിക്കുന്നുമില്ല. കോർട്ട് ഫീ സ്റ്റാമ്പിനത്തിൽ വരുന്ന തുകയുടെ 50% അഭിഭാഷക ക്ഷേമനിധിയിലേയ്ക്ക് മാറ്റിക്കൊടുക്കാൻ സർക്കാർ തയ്യാറായാൽ സർക്കാരിന് പുതിയ സാമ്പത്തിക ബാദ്ധ്യതയില്ലാതെതന്നെ ക്ഷേമനിധി തുക വർദ്ധിപ്പിക്കാൻ കഴിയും. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ തീരുമാനം അടിയന്തിരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഒരു ലക്ഷം രൂപയെന്നുള്ളത് മൂന്നു ലക്ഷം രൂപയാക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് പല പ്രശ്നങ്ങളുമുണ്ട്. അതിന് ബാർ കൗൺസിലിന്റെ അഭിപ്രായം ചോദിച്ചിരിക്കുകയാണ്. റവന്യൂ വരുമാനത്തെ സംബന്ധിച്ചും ഇതിനുള്ള കാശിനെ സംബന്ധിച്ചുമൊക്കെയുള്ള ബാർ കൗൺസിലിന്റെ നിർദ്ദേശങ്ങൾ വന്നുകഴിഞ്ഞാൽ പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) പാലക്കാട് ജില്ലയിലെ തണ്ടാർ സമുദായങ്ങൾക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് നൽകാത്തതുസംബന്ധിച്ച്

ശ്രീ. കെ. അച്ചുതൻ : സർ, മുഖ്യമന്ത്രി മറുപടി പറയാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ തന്നിരുന്നത്. ഇപ്പോൾ പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രിയാണ് മറുപടി പറയാനായി എഴുതി തന്നിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly